## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2735** 19.07.2011-ലെ മറുപടിക്ക്

<u>ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ മാരുടെ സേവന വേതന വ്യവസ്ഥകൾ</u>

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.റ്റി.യു കുരുവിള**<br>**ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.കെ.എം.മാണി,**<br>**ബഹു: ധനകാര്യ വകുപ്പ് മന്ത്രി** |
| (എ) | 9-ാം ശമ്പള കമ്മീഷനിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ മാരുടെ സേവന വേതന വ്യവസ്ഥ കളെക്കുറിച്ചുള്ള അപാകതകൾ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേതുൾപ്പെടെ 9-ാം ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകൾ പൊതുവായി പരിഹരിക്കുന്നതിനായി 01.03.2011-ലെ ജി.ഒ.(എം.എസ്) നം.96/2011/ധന പ്രകാരം ധനകാര്യ വകുപ്പിൽ ശമ്പള പരിഷ്കരണ പരാതി പരിഹാര സെൽ താൽക്കാലികമായി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എൻട്രി കേഡറിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുപാതികമായി ശമ്പള വർദ്ധനവ് ഇല്ലാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ; | ഇത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 26.05.2011-ലെ 29/2011/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ മാരുടെ പ്രമോഷൻ സ്കെയിലിലെ അപാകത, ഫീൽഡ് ഓഫീസർ, ഹയർ ഗ്രേഡ് അനുവദിക്കുന്നത് എന്നിവ പരിഹരിക്കുന്നതിന് സർക്കാർ നിലപാട് വ്യക്തമാക്കുമോ: | 26.05.2011-ലെ 29/2011/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ മാർക്ക് റിസ്ക് അലവൻസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | റിസ്ക് അലവൻസ് അനുവദിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

Shakeena B.

സെക്ഷൻ ഓഫീസർ